തെറ്റിദ്ധാരണകളും അവയ്ക്കുള്ള മറുപടിയും - 1

ചിലർ പറയുന്നു: നമ്മുടെ ദീനിന്റെ കാര്യങ്ങളിൽ നബി(ﷺ)യുടെ മാർഗത്തിലേക്ക് തിരിച്ചു പോകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ച് അഭിപ്രായങ്ങൾക്കും ഇജ്തിഹാദിനും ഇടമില്ലാത്ത നമസ്കാരം പോലെയുള്ള ശുദ്ധമായ ആരാധനാകാര്യങ്ങളിൽ. കാരണം, അത് സ്ഥായിയായതാണ്. എന്നാൽ, മുഖല്ലിദുകളായ ശൈഖുകളിൽ ആരും തന്നെ അപ്രകാരം കൽപിക്കുന്നതായിട്ട് നാം കേൾക്കുന്നില്ല. മറിച്ച്, അവർ അഭിപ്രായ ഭിന്നതയെ അംഗീകരിക്കുകയും അത് ഈ സമുദായത്തിന്റെ വിശാലതയായി കണക്കാക്കുകയും ചെയ്യുന്നു. സുന്നത്തിന്റെ സഹായികൾക്ക് മറുപടി പറയുമ്പോൾ അവർ നിരന്തരം ഉദ്ധരിക്കുന്ന ഒരു ഹദീഥുണ്ട്. അവർ അതിന് തെളിവായി കൊണ്ടുവരുന്നത് ''എന്റെ സമുദായത്തിലെ അഭിപ്രായഭിന്നത (ഇഖ്തിലാഫ്) ഒരു കാരുണ്യമാണ് (റഹ്മത്ത്)''. നിങ്ങൾ ക്ഷണിക്കുകയും നിങ്ങളുടെ ഈ പുസ്തകവും മറ്റും ക്രോഡീകരിച്ചതുമായ ആദർശനത്തിനെതിരാണ് ഈ ഹദീഥ് എന്ന് നമുക്ക് തോന്നുന്നു. അതിനാൽ, ഈ ഹദീഥിനെകുറിച്ച് നിങ്ങളെന്താണ് പറയുന്നത്?

ഇതിനുള്ള മറുപടി രണ്ട് നിലക്കാണ്:

എ. **ഒന്നാമത്**: ഈ ഹദീഥ് സ്വഹീഹല്ല. പ്രത്യുത അത് അസത്യവും അടിസ്ഥാനരഹിതവുമാണ്. അല്ലാമാ സുബ്കി പറഞ്ഞു: ''അതിന് സ്വഹീഹോ, ളഈഫോ, മൗളുഓ ആയ ഒരു പരമ്പര കണ്ടെത്താൻ എനിക്ക് സാധിച്ചിട്ടില്ല'' (പരമ്പരയില്ല എന്നർത്ഥം).

ഞാൻ (അൽബാനി) പറയുന്നു: മറ്റൊരു രൂപത്തിൽ ഇത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്: ''...എന്റെ സ്വഹാബികൾക്കിടയിലുള്ള അഭിപ്രായഭിന്നത നിങ്ങൾക്ക് അനുഗ്രഹമാണ്''.

അത്പോലെ, ''എന്റെ സ്വഹാബികൾ നക്ഷത്രങ്ങളെ പോലെയാണ്, അതിനാൽ, നിങ്ങൾ ആരെ പിന്തുടർന്നാലും സന്മാർഗം പ്രാപിക്കും''. ഇവ രണ്ടും സ്വഹീഹല്ല. ഒന്നാമത്തേത് തീരെ ദുർബലമാണ്. രണ്ടാമത്തേത് മനുഷ്യനിർമിത('മൗളൂഅ്')വുമാണ് . ഇത്തരത്തിലുള്ള എല്ലാ മൊഴികളും ഞാൻ പരിശോധിച്ച് വിശദമായി *സിൽസിലത്തുൽ അഹാദീഥുള്ളഈഫ വൽമൗളൂഅ* (നം 58, 59, 61)യിൽ ഉദ്ധരിച്ചിട്ടുണ്ട്.

ബി. **രണ്ടാമത്**: ഈ ഹദീഥ് ദുർബലമാണെന്നതോടൊപ്പം, വിശുദ്ധ ഖുർആനിന് വിരുദ്ധവുമാണ്. കാരണം, ദിനിൽ അഭിപ്രായ ഭിന്നതയുണ്ടാകുന്നതിനെ വിരോധിക്കുകയും അഭിപ്രായ ഐക്യമുണ്ടാകുന്നതിനായി കൽപിക്കുകയും ചെയ്യുന്ന ആയത്തുകൾ ഓർമപ്പെടുത്തേണ്ടതില്ലാത്തവിധം പ്രസിദ്ധമാണ്. എന്നിരുന്നാലും അവയിൽ ചിലത് ഉദാഹരണത്തിന് വേണ്ടി ഉദ്ധരിക്കുന്നതിന് കുഴപ്പമില്ല. അല്ലാഹു പറഞ്ഞു:

''നിങ്ങൾ ഭിന്നിച്ച് പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ച്) പോകുകയും ചെയ്യും.'' (സൂറ അൻഫാൽ 8:46)

''നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പല കക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ.'' (സൂറ: റൂം 30:31–32)

''അവർ ഭിന്നിച്ച് കൊണ്ടേയിരിക്കുന്നതാണ്. നിൻെറ രക്ഷിതാവ് കരുണ ചെയ്തവരൊഴികെ.'' (സൂറ: ഹൂദ് 11:118–119)

അപ്പോൾ, നിന്റെ രക്ഷിതാവ് കരുണ ചെയ്തവർ ഭിന്നിക്കുകയില്ല. അസത്യത്തിന്റെ ആളുകൾ മാത്രമാണ് ഭിന്നിക്കുന്നത്. പിന്നെ എങ്ങനെയാണ് അഭിപ്രായഭിന്നത കാരുണ്യമാവുക?!

അതിനാൽ ഈ ഹദീഥ് സ്വഹീഹല്ല എന്നത് സ്ഥിരീകരിക്കപ്പെട്ടു. പരമ്പരയുടെ കാര്യത്തിലും ആശയത്തിന്റെ കാര്യത്തിലും.[1]

അപ്പോൾ, ഇമാമുകൾ കൽപിച്ച ഖുർആനും സുന്നത്തുമനുസരിച്ച് കൊണ്ട് പ്രവർത്തിക്കുന്നത് തടയാൻ ഈ ഹദീഥ് സ്വീകരിക്കുന്നത് അനുവദനീയമല്ലെന്ന് ഇത് വ്യക്തമായി മനസ്സിലാക്കിത്തരുന്നു.

ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽ അൽബാനി (റഹി)

ഗ്രന്ഥം: സ്വിഫത്തു സ്വലാത്തിന്നബ്ബിയ്യി മിനത്തക്ബീരി ഇലത്തസ്ലീമി ക അന്നക തറാഹാ
വിവർത്തനം: മുഹമ്മദ് സിയാദ്

[1] അതിൽ വിശദമായ പഠനം ആഗ്രഹിക്കുന്നവർ *സിൽസിലത്തുൽ അഹാദീഥുള്ളഈഫ (ന. 58, 59, 61) കാണുക.*